PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Tuesday, *the 14th November 1950*

Vol. II] OFFICIAL REPORT [No. 21

The Assembly met in the Legislative Chamber, Public Offices, Trivandrum, at 11 of the clock on Tuesday, the 14th November 1950, with Mr. Speaker in the Chair.

ADJOURNMENT MOTION

Mr. Speaker: There is an adjournment motion from Sri. P. Balakrishnan Tampi regarding the threat of large scale and immediate unemployment of thousands of workers in the Rubber Estates consequent on the reported resolve of the major Rubber Planters in the State to give up their plantations as the controlled price of rubber is not any longer economic.

ഇതിൽ പറഞ്ഞിരിക്കുന്ന സംഗതികളുടെ നിജസ്ഥിതിയെപ്പറ്റി അറിയേണ്ടതായിട്ടുണ്ട്. അതിനാൽ ഗവണ്മെണ്ടുഭാഗത്തുനിന്നും ഇതിനെ സംബന്ധിക്കുന്ന വിവരങ്ങളും വിശദമാക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു.

വിദ്യാഭ്യാസവും തൊഴിലും സിവിലും സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, റബറിന്റെ വില അടുത്തകാലത്തു ഇൻഡ്യാഗവണ്മെണ്ടു് നിയന്ത്രിക്കുകയുണ്ടായി. അങ്ങിനെ നിയന്ത്രിച്ചതിന്റെ ഫലമായി റബറിന്റെ വില കുറെ കുറഞ്ഞിട്ടുണ്ട്. റബറിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനം ഇൻഡ്യയിലെ ഒരു മുഖ്യ സംസ്ഥാനമാണു്. ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന റബറിന്റെ വളരെ ശതമാനവും നമ്മുടെ സംസ്ഥാനത്തിലാണു് ഉല്പാദിപ്പിക്കപ്പെടുന്നതു്. അതുകൊണ്ടു് റബറിനു് ന്യായമായ ഒരു വില കിട്ടേണ്ട കാര്യത്തിൽ റബർ ഉല്പാദകന്മാർക്കെന്നപോലെതന്നെ ഗവണ്മെണ്ടിനും ശ്രദ്ധയുണ്ടു്. റബറിന്റെ വിലയെ സംബന്ധിച്ചു് അടുത്ത ഏതാനും ദിവസങ്ങൾക്കുമുമ്പു് ഗവണ്മെണ്ടിന്റെ അടുക്കൽ ഒരു നിവേദനം തരുകയുണ്ടായിട്ടുണ്ടു്. ലോകവിപണിയിൽ റബറിനുള്ള വിലയോടു് താരതമ്യപ്പെടുത്തിനോക്കിയാൽ നമ്മുടെ നാട്ടിലെ റബറിനു കിട്ടുന്ന വില വളരെ കുറവാണെന്നാണു് അവർ മുഖ്യമായി നിവേദനം ചെയ്തിട്ടുള്ളതു്. ലോകവിപണിയിലുള്ള വിലയുടെ മുന്നിൽ ഒന്നിനു താഴെയുള്ള വിലമാത്രമെ അവക്കു കിട്ടുന്നുള്ളു എന്നു് ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ റബർ ഉല്പാദകന്മാരോടു് പരിപൂർണ്ണമായ സഹതാപം മാത്രമാണു് ഈ ഗവണ്മെണ്ടിനുള്ളതു്. പക്ഷെ ഇക്കാര്യത്തിൽ ഈ ഗവണ്മെണ്ടിനു എന്തെങ്കിലും ചെയ്യുവാൻ സാദ്ധ്യമല്ല. റബറിന്റെ വില കുറഞ്ഞതുകൊണ്ടു് റബർതോട്ടക്കാർ അവരുടെ തോട്ടങ്ങൾ നിവൃത്തിക്കളയാൻ ഇടയുണ്ടെന്നും പറയുന്നുണ്ടു്. അങ്ങിനെവരികയാണെങ്കിൽ നമ്മുടെ രാജ്യത്തെ അനേകായിരം തൊഴിലാളികൾക്കു് തൊഴിലില്ലാതെവരുമെന്നും ഗവണ്മെണ്ടിനറിയാൻ ഇടയായിട്ടുണ്ടു്. ഈ വിഷയത്തിൽ ഈ നാട്ടിലെ റബർഉല്പാദ

LIBRARY ARCHIVES Kerala Legislative Assembly

[Sri. Panampilli Govinda Menon]

കന്മാക്ക് തക്കതായ പരിഹാരം കിട്ടേണ്ട കാര്യത്തിൽ ഇൻഡ്യാഗവമ്മെണ്ടിന്റെ അടുക്കൽ നിവേദനങ്ങൾ നടത്താൻ ഈ ഗവമ്മെണ്ടു് തയ്യാറാണു്. റബർഉല്പാദകന്മാർ ഇൻഡ്യാഗവമ്മെണ്ടിന്റെ അടുക്കൽ ഒരു ഡെപ്യൂട്ടേഷനായി പോകുന്ന പക്ഷം ഇതിനനുസരണമായി ഈ ഗവമ്മെണ്ടിൽനിന്നും ഇൻഡ്യാഗവമ്മെണ്ടിലേക്കു് ശുപാർശകൾ ചെയ്യുവാനും ഒരുക്കമാണു്. അല്ലാതെ ഈ ഗവമ്മെണ്ടിന്റെ ഭരണപരമായ അധികാരപരിധിക്കകത്തുനിന്നുകൊണ്ടു് ചെയ്യാവുന്ന യാതൊരു കാര്യവും ഇതിലില്ല. എന്നാൽ ഈ ഗവമ്മെണ്ടിനു് ഇൻഡ്യാഗവമ്മെണ്ടിനോടു് ശുപാർശ ചെയ്യാൻ സാധിക്കും. അതിനു് ഈ ഗവമ്മെണ്ടു് ഒരുക്കവുമാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : സിലോൺ, മലയാ, ബർമ്മാ മുതലായ പ്രദേശങ്ങളിലെ റബർഉല്പാദകർക്കു് കിട്ടിക്കൊണ്ടിരിക്കുന്നതിൽനിന്നും താരതമ്യേന വളരെ കുറവായ വിലയാണു് ഇവിടത്തെ റബർഉല്പാദകന്മാർക്കു് കിട്ടുന്നതെന്നു് ഗവമ്മെണ്ടിനു് ബോദ്ധ്യമായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഞാൻ പറഞ്ഞുകഴിഞ്ഞല്ലോ. ലോകവിപണിയിൽ ഉള്ള വിലയുടെ മുന്നിലൊന്നിൽ കുറവായ വിലമാത്രമേ ഇവിടത്തെ റബറിനു കിട്ടുന്നുള്ളൂ എന്നാണു് മനസ്സിലാക്കുന്നതു്. അങ്ങിനെയുള്ള ഒരു കഷ്ടസ്ഥിതി നമ്മുടെ നാട്ടിലെ റബർഉല്പാദകന്മാർക്കു് ഉണ്ടാകേണ്ട കാര്യമില്ല. അതുകൊണ്ടു് റബറിന്റെ വിലയെ സംബന്ധിച്ചിടത്തോളം റബർഉല്പാദകന്മാരും ഗവമ്മെണ്ടും ഒരേനിലതന്നെയാണു് അവലംബിക്കാനിടയുള്ളതു്. റബർഉല്പാദകന്മാർ തന്നിട്ടുള്ള മെമ്മോറിയൽ ഗവമ്മെണ്ടു് പരിശോധിച്ചുകൊണ്ടിരിക്കയാണു്. അതുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടിനോടു് ശക്തിയായി നിവേദനം നടത്താൻ ഈ ഗവമ്മെണ്ടു് ഒരുക്കമാണു്.

ശ്രീ. എ. താണുപിള്ള : ലോകവിപണിയിലെ വിലയിൽനിന്നും വളരെ കുറവായ ഒരു വില ഇൻഡ്യാഗവമ്മെണ്ടു് നിശ്ചയിക്കുവാനുള്ള കാരണമെന്താണു്? ഗവമ്മെണ്ടു് വില നിയന്ത്രിച്ചശേഷം ലോകവിപണിയിൽ വിലകുടിയതാണോ അതിനുകാരണം, അതോ അറിഞ്ഞുകൊണ്ടുതന്നെ ഇങ്ങനെ ഒരു കുറഞ്ഞ വില നിശ്ചയിച്ചിരിക്കുകയാണോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): ആദ്യം ഇൻഡ്യാഗവമ്മെണ്ടിൽനിന്നും നിശ്ചയിച്ചിരുന്ന വില വളരെ കുറവായിരുന്നു. അതിനെ സംബന്ധിച്ചു് ഈ സംസ്ഥാനത്തെ റബർഉല്പാദകന്മാർ ഇൻഡ്യാഗവമ്മെണ്ടിന്റെ അടുക്കൽ നിവേദനം നടത്തിയതിന്റെ ഫലമായി വില അല്പം കൂട്ടിവയ്ക്കുകയാണു് ചെയ്തതു്. അതായതു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വില ₹ 0 0 പൗണ്ടിനു് ൽ ₹ രൂപയാണു്. എന്നാൽ ൽ ₹ രൂപ ഇവിടത്തെ റബറിനു് വില നിശ്ചയിച്ചിരിക്കുമ്പോൾ ലോകവിപണിയിൽ നടപ്പിലിരിക്കുന്ന വില എതാണ്ടു് ൽ 0 0 രൂപയാണു്. ഇവിടത്തെ റബർ അധികവും വാങ്ങിക്കൊണ്ടിരിക്കുന്നതു് ഡൺലപ്പ്, ഫയർസ്റ്റോൺ എന്നീ വിദേശകമ്പനികളാണു്. റബറിനു് വില കുറച്ചുവയ്ക്കുന്നതുകൊണ്ടു് ഇൻഡ്യാഗവമ്മെണ്ടിനു് യാതൊരു ലാഭവുമില്ല. നേരേമറിച്ചു് ലാഭം എടുക്കുന്നതു മുഴുവൻ ഈ വിദേശ കമ്പനികളാണു്.

ശ്രീ. എ. താണുപിള്ള : ആദ്യമായി ഇൻഡ്യാഗവമ്മെണ്ടു് വില നിയന്ത്രിച്ചതു് എപ്പോഴാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : അതു് ഫ൯ ര൯ു_ലോ ഫ൯ ര ര-ലോ ആണു്.

ശ്രീ. എ. താണുപിള്ള : ലോകവിപണിയിലെ വില വല്ലിച്ചതു് എപ്പോഴാണു്?

ശ്രീ. എ. ജെ. ജോൺ : അതു കഴിഞ്ഞ ഒരു കൊല്ലത്തിനു് ഇപ്പുറമാണു്. ഏതു മാസത്തിലാണെന്നു് സൂക്ഷ്മമായി പറയാൻ നിവൃത്തിയില്ല. അസംസ്കൃത റബറിനുമാത്രമാണു് ഇൻഡ്യാഗവമ്മെണ്ടിൽനിന്നും വില ക്ലിപ്തപ്പെടുത്തിയിരിക്കുന്നതു്. റബർ ഉല്പന്നങ്ങൾക്കു യാതൊരു വില ക്ലിപ്തവുമില്ല. അതുകൊണ്ടു് ഈ കമ്പനികൾ കുറഞ്ഞ വിലയ്ക്കു റബർ വാങ്ങി അതിൽനിന്നും ടയർ മുതലായ സാധനങ്ങളുണ്ടാക്കി വലിയ വിലയ്ക്കു വിറ്റു് അമിത ലാഭമുണ്ടാക്കിക്കൊണ്ടിരിക്കയാണു് ചെയ്യുന്നതു്.

ശ്രീ. എ. താണുപിള്ള : അസംസ്കൃത റബറിന്റെ വിലമാത്രമേ നിയന്ത്രിച്ചിട്ടുള്ളോ?

ശ്രീ. എ. ജെ. ജോൺ : അതിന്റെ വില മാത്രമേ നിയന്ത്രിച്ചിട്ടുള്ളൂ.

ശ്രീ. എ. താണുപിള്ള : വില വല്ലിപ്പിക്കണമെന്നു് ഇൻഡ്യാഗവമ്മെണ്ടിനോടു് ആവശ്യപ്പെട്ടിട്ടു് അവർ അതിനു എന്തു തടസ്സമാണു് പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ : തടസ്സമൊന്നും പറഞ്ഞിട്ടില്ല. റബർ കൺട്രോൾ സാധനങ്ങളുടെകൂട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കയാണു്. പക്ഷെ ഇന്നത്തെ സ്ഥിതിക്കു് ഗവമ്മെണ്ടു് ഇൻഡ്യാഗവമ്മെണ്ടിന്റെ അടുക്കൽ നിവേദനം നടത്തിയാൽ ആ വില വല്ലിപ്പിക്കുമെന്നു് വിചാരിക്കാൻ ന്യായമുണ്ടു്.

ശ്രീ. എ. താണുപിള്ള : ലോകവിപണിയിലെ വിലവല്ലനവു് ഒരു താല്ക്കാലികം ആണെന്നുള്ള ഒരു തടസ്സം അവർ ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള : ഇവിടെനിന്നും പുറത്തേക്കയക്കുന്ന റബറിനു് എന്തു വിലയാണു് നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ : ഇവിടെയുള്ള റബർ മുഴുവൻ ഇൻഡ്യയിൽത്തന്നെ ഉള്ള വ്യവസായങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണു്.

ശ്രീ. സി. വി. ഐയ്യു : ഇൻഡ്യയിലെ ഫാക്ടറികളിലെ ആവശ്യത്തിനു് ഇവിടത്തെ റബർഉല്പാദനം മതിയാകാത്തതുകൊണ്ടു് പുറമേനിന്നും ഇറക്കുമതി ചെയ്യുവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ : പുറത്തുനിന്നും ന ൦ ൦ രൂപ വിലക്കു് വാങ്ങുന്നുണ്ടെന്നാണു് അറിയുന്നതു്.

ശ്രീ. സി. വി. ഐയ്യു : ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം കിട്ടി ഇത്രയും കാലമായിട്ടും നമുക്കു അമേരിക്കയിലേയും ഇംഗ്ലണ്ടിലേയും വ്യവസായികളുടെ പിടിയിൽനിന്നും രക്ഷപ്പെടാൻ സാധിച്ചിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

മിസ്റ്റർ സ്പീക്കർ : ആ ചോദ്യം ഇവിടെ സംഗതമല്ല.

ശ്രീ. പി. കെ. ഡീവർ : ഉല്പാദനച്ചിലവു പറയത്തക്കവിധം വല്ലിച്ചിട്ടില്ലാത്തതുകൊണ്ടാണു് റബറിന്റെ വില കൂട്ടാത്തതെന്നു് ഇൻഡ്യൻ റബർ ബോർഡിൽനിന്നും പ്രസ്താവിച്ചിട്ടുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : അങ്ങിനെ അറിഞ്ഞുകൂടാ.

ശ്രീ. കെ. എസ്സ്. ജോസഫ് : റബറിന്റെ വിലക്കുറവുകൊണ്ട് ചില റബർതോട്ടക്കാർ റബർ വെട്ടികളഞ്ഞിട്ട് മറ്റു കൃഷികൾ ചെയ്യുവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ : അതാണ് നേരത്തെ പറഞ്ഞത് അങ്ങിനെ ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തെ അനേകായിരം തൊഴിലാളികൾക്ക് തൊഴിലില്ലാതെവരുമെന്ന്.

ശ്രീ. കെ. എം. ചാണ്ടി : വില കൂട്ടണമെന്ന് റബർബോർഡ് ഇൻഡ്യാഗവൺമെണ്ടിനെ ഉപദേശിക്കാത്തതുകൊണ്ടാണോ വില കൂട്ടാത്തതെന്നറിയാമോ?

(ചീഫ് മിനിസ്റ്റർ) ശ്രീ. ടി. കെ. നാരായണപിള്ള : അതു ശരിയല്ല. റബർ ബോർഡിനെകൂടാതെ ഇവിടെ ഒരു ഡവലപ്പുമെൻറ്റ്ബോർഡും ഉണ്ട്. ലോക വിപണിയിലെ വിലയോട് തുല്യമായിരിക്കത്തക്കവണ്ണം ഇവിടത്തെ റബറിന്റെ വില വർദ്ധിപ്പിക്കേണ്ടതാണെന്നു ഈ ഡവലപ്പുമെൻറ്റ്ബോർഡ് ഏകകണ്ഠമായിത്തന്നെ ഒരു പ്രമേയം പാസാക്കിയിട്ടുണ്ട്. ആ പ്രമേയത്തിനു വേണ്ടുവോളം പ്രാധാന്യം കൊടുക്കാതെയാണ് കേന്ദ്രഗവൺമെണ്ട് ഇങ്ങനെ വില ക്ലിപ്തപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. കെ. കരുണാകരൻ : ഉല്പാദനച്ചിലവു വർദ്ധിപ്പിച്ചിട്ടുള്ളതായി ഇൻഡ്യാഗവൺമെണ്ടിനെ ബോദ്ധ്യപ്പെടുത്തുന്നപക്ഷം വില കൂട്ടാൻ തയ്യാറാണെന്നു പത്രങ്ങളിലുണ്ടായിരുന്നതു് ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ മറുപടി നേരത്തെ പറഞ്ഞു.

ശ്രീ. എം. താണുപിള്ള : വെളിയിലേക്കു് അയക്കുന്ന റബറിനു് എന്തു വിലയാണു് കിട്ടുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള : റബർ വെളിയിലേക്കു് പോകുന്നില്ല.

ശ്രീ. എം. താണുപിള്ള : അപ്പോൾ ഇവിടെ ഉണ്ടാകുന്ന റബർ മുഴുവൻ ഇൻഡ്യയിൽതന്നെയാണോ ചിലവാകുന്നതു്?

ശ്രീ. എ. ജെ. ജോൺ : അതെ. ഞാൻ നേരത്തെ പറഞ്ഞ അമേരിക്കനും ഇംഗ്ലീഷും കമ്പനികളാണു് ഇവിടത്തെ റബർ മുഴുവനും വാങ്ങിക്കൊണ്ടിരിക്കുന്നതു്.

ശ്രീ. എം. താണുപിള്ള : അപ്പോൾ ഈ വ്യവസായികളുടെ സമ്മർദ്ദംകൊണ്ടായിരിക്കണം ഇൻഡ്യാഗവൺമെണ്ടു് വില വർദ്ധിപ്പിക്കാൻ മടിക്കുന്നതു് എന്നു വിചാരിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇപ്പോൾ അങ്ങിനെയാണു് വിചാരിക്കേണ്ടിയിരിക്കുന്നതു്.

ശ്രീ. പി. എം. വർഗ്ഗീസ് : റബറിന്റെ വില കുറയുന്നതുകൊണ്ടു് ഗവർമ്മെണ്ടിന്റെ വരുമാനത്തിനും കുറവുണ്ടാകുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടാകും.

ശ്രീ. പി. എം. വർഗ്ഗീസ് : അങ്ങിനെയാണെങ്കിൽ റബറിന്റെ വില വർദ്ധിപ്പിക്കാൻ ഗവൺമെണ്ടല്ലേ മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. നാരായണപിള്ള : അക്കാര്യമാണ് ബഹു. തൊഴിൽമന്ത്രി ആദ്യമെ വ്യക്തമാക്കിയത്. ഉല്പാദകന്മാരുമായി യോജിച്ച് ഇതിനുവേണ്ടി വേണ്ടത ചെയ്യാൻ ഗവണ്മെണ്ട് ഒരുക്കമാണെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു.

Mr. Speaker : The question is whether the member has the leave of the House to move the motion.

Leave was granted.

Mr. Speaker : The motion will be taken up at 4 o'clock today or earlier according as the business of the House terminates.

LEGISLATIVE BUSINESS

The Travancore-Cochin Appropriation (No. 2) Bill, 1950

Minister for Finance and Revenue **(Sri. A. J. John) :** Sir, I beg to introduce the Travancore-Cochin Appropriation (No. 2) Bill, 1950.

Chief Minister **(Sri. T. K. Narayana Pillai) :** I second it.

The motion was put and carried.

Sri. A. J. John : I move that the Travancore-Cochin Appropriation (No. 2) Bill, 1950 be taken up for consideration at once.

Sri. T. K. Narayana Pillai : I second it.

The motion that the Travancore-Cochin Appropriation (No. 2) Bill, 1950 be taken up for consideration at once was put and carried.

The Bill was taken up for consideration.

ശ്രീ. എ. ജെ. ജോൺ: ഇന്നലെ ഇവിടെ അവതരിപ്പിച്ച് പാസ്സാക്കിയ സപ്ലിമെൻററി ഡിമാണ്ടനുസരിച്ച് ൪,൦൦,൦൦൦ രൂപാ അപ്രാപ്തിയേറെ ചെയ്യാനായി ഈ ബില്ലിൽ ഉൾപ്പെട്ടുത്തുന്നതിനും കൺസാളിഡേറഡ് ഫണ്ടിൽനിന്നും അത്രയുംതുക ചെലവുചെയ്യുവാൻ അനുവദിക്കുന്നതിനുംവേണ്ടിയാണ് ഈ ബിൽ ഹാജരാക്കിയിരിക്കുന്നത്. ഇതുസംബന്ധിച്ചുള്ള സകല വിവരങ്ങളും ഇന്നലെ സപ്ലിമെൻററി ഡിമാൻറ അവതരിപ്പിച്ചപ്പോൾ പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ട് കൂടുതലായി ഒന്നും ഞാൻ പറയുന്നില്ല. ഭരണഘടനാ വ്യവസ്ഥയനുസരിച്ച് കൺസാളിഡേറഡുഫണ്ടിൽനിന്ന ഏതെങ്കിലും തുക ചെലവാക്കണമെങ്കിൽ അതിലേക്ക ഇതുപോലെ ഒരു അപ്രാപ്തിയേഷൻ ബില്ല അവതരിപ്പിച്ച പാസാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് ഈ ബില്ല ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീ. പി. കെ. ഡീവർ: പതിനെട്ടരലക്ഷം രൂപയാണ് അദ്ധ്യാപകന്മാരുടെ ശമ്പളത്തിനുവേണ്ടി ആവശ്യമുള്ളതെന്ന ഇന്നലെ ബഹുമാനപ്പെട്ടമന്ത്രി പറയുകയുണ്ടായി. ഇപ്പോൾ ബില്ലിൽ ആ ഇനത്തിൽ നൂറുരൂപാ മാത്രമെ കൊള്ളിച്ചിട്ടുള്ളു. നൂറുരൂപായുടെ ഒരു ടോക്കൺമോഷനാണ ഇന്നലെ കൊണ്ടുവന്നതെങ്കിലും പതിനെട്ടരലക്ഷംരൂപാ അതിനു ആവശ്യമുണ്ടെന്ന അദ്ദേഹം പറഞ്ഞു. പിന്നെ ഈ നൂറുരൂപാമാത്രം ഇതിൽ കൊള്ളിച്ചതെന്താണ്? ഇതിനെപ്പററി ഒരു വിശദീകരണം ഉണ്ടായാൽ കൊള്ളാം.

ശ്രീ. എ. ജെ. ജോൺ: ഇന്നലെ സപ്ലിമെൻററി ഡിമാൻറിൽ നൂറുരൂപാ. മാത്രം കൊള്ളിച്ചിരുന്നതു അതുസംബന്ധിച്ചുള്ള ഗവണ്മെണ്ടു നടപടികളെ ഈ സഭ അംഗീകരിക്കുന്നതിനുവേണ്ടി മാത്രമാണ്. ഈ വസ്തുത ആ സപ്ലിമെൻററി ഡിമാണ്ടിൻെറ പട്ടികയിൽതന്നെ വിവരിച്ചിട്ടുണ്ട്. വെറും ഒരു ടോക്കൺ

LIBRARY ARCHIVES Kerala Legislative Assembly